ഉത്തരം

(എ) കേരള ജയിൽ ചട്ടമനുസരിച്ച് ഇപ്പോൾ അടിയന്തിരാവധി മാത്രമാണ് നീട്ടിക്കൊടുത്തുകൊണ്ടിരിക്കുന്നത്. തടവുകാരന്റെ അടുത്ത ബന്ധുവിന്റെ മരണത്തിനോ, അത്യാസന്ന രോഗാവസ്ഥയിലുള്ള ഏറ്റവും അടുത്ത ബന്ധുവിനെ സന്ദർശിക്കുന്നതിനോ, ഒരു സീനിയർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 10 ദിവസം ജയിൽ അധികൃതർ നൽകിവരുന്നു. ഇതുൾപ്പെടെ പരമാവധി 45 ദിവസം വരെ അടിയന്തിരാവധി സർക്കാർ നീട്ടിക്കൊടുത്തിരുന്നുവെങ്കിലും ബഹു. കേരള ഹൈക്കോടതിയുടെ 4-6-2002-ലെ ക്രിമിനൽ എം. സി. 400/2001 എന്ന വിധി ന്യായത്തിൽ പരോൾ അനുവദിക്കുന്നത് സംബന്ധിച്ചുണ്ടായ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ടി കാര്യങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റിട്ട. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായി ഒരു ഉന്നതാധികാര കമ്മറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരോൾ/അടിയന്തിരാവധി അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനും കേരള പ്രിസൺ റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാനും ഉദ്ദേശിക്കുന്നു.

(ബി) ഇക്കാര്യത്തിൽ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായുള്ള കമ്മിറ്റി സമർപ്പിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

ആലപ്പുഴ സ്പെഷ്യൽ സബ് ജയിലിന്റെ നിർമ്മാണം

29 [5860] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്പെഷ്യൽ സബ്ജയിലിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ;

(ബി) എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഇതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത പ്രവർത്തിക്ക് അടിയന്തിരമായി ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ആലപ്പുഴ സ്പെഷ്യൽ സബ്ജയിലിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ജയിൽ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) ഭൂമി ലഭിച്ചതിനുശേഷം കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly